
26
ജൂൺ 2023
തിങ്കൾ
Pages- 5
Vol. 2 Issue 144

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission


CNL7 MEDIA

513




# റഷ്യയിൽ തടസ്സങ്ങൾ നീങ്ങി; സുവിശേഷ പ്രതികൾ വിതരണം ചെയ്യാം

കപ്പൽമാർഗ്ഗം എത്തിക്കാനായിരുന്നു തീരുമാനം. അത് നടക്കാതെ വന്നപ്പോൾ പ്രാർത്ഥനയിൽ ആശ്രയിച്ചു



## മനുഷ്യരാശിയുടെ വംശനാശം : ആദ്യ നരഹത്യ നടത്തി നിർമിതബുദ്ധി

പേജ് 04 കാണുക

## എഡിറ്റോറിയൽ

## ക്രിസ്ത്യൻ ലൈവ്

**2023 ജൂൺ 26 തിങ്കൾ**



# നിർമ്മിത ബുദ്ധിയും ശുശ്രൂഷയും

**ആ**ർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിത ബുദ്ധി. ഈ ദിവസങ്ങളിൽ നമ്മൾ ധാരാളമായി കേട്ടുകൊണ്ടിരിക്കുന്ന വാക്കാണ് ഇത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ചാറ്റ് ജിപിടി എന്ന സോഫ്റ്റ്‌വെയർ ലോകത്തിന്റെ ഗതിയെ തന്നെ മാറ്റിമറിക്കും എന്നാണ് ആളുകൾ അഭിപ്രായപ്പെടുന്നത്. എന്താണ് ചാറ്റ് ജി പി റ്റി ചെയ്യുന്നത്? സാധാരണ നമ്മൾ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയാൻ ആഗ്രഹിക്കുന്നു എങ്കിൽ ഗൂഗിളിൽ കയറി നമ്മൾ അത് സെർച്ച് ചെയ്യുകയാണ് പതിവ്. അപ്പോൾ ഗൂഗിൾ നമ്മുടെ വിഷയം ഏതൊക്കെ സൈറ്റുകളിൽ കിടപ്പുണ്ടോ അതിൻറെ എല്ലാം ലിങ്ക് എടുത്ത് സെർച്ച് റിസൾട്ട് ആയിട്ട് നമുക്ക് കൊണ്ടുവന്നു തരും. എന്നാൽ ചാറ്റ് ജി പി റ്റി ചെയ്യുന്നത് അങ്ങനെയല്ല: നമ്മൾ ആവശ്യപ്പെട്ട വിഷയത്തെ സംബന്ധിച്ച് എന്തൊക്കെ വിവരങ്ങൾ ഏതൊക്കെ സൈറ്റുകളിൽ ലഭ്യമാണോ അവിടെ നിന്ന് ആ വിവരങ്ങളെല്ലാം എടുത്ത് ക്രോഡീകരിച്ച് വളരെ കൃത്യമായി നമുക്കത് നൽകി തരും. ഉദാഹരണത്തിന് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ഒരു ഉപന്യാസം എന്ന് നിങ്ങൾ ടൈപ്പ് ചെയ്തു ഗൂഗിളിൽ കൊടുത്താൽ പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച ഉപന്യാസങ്ങൾ ഏതൊക്കെ സൈറ്റുകളിൽ വന്നിട്ടുണ്ടോ അതിന്റെയൊക്കെ ലിങ്ക് നിങ്ങൾക്ക് കിട്ടും. എന്നാൽ ചാറ്റ് ജി പി റ്റി യിലേക്ക് നമ്മൾ പോകുമ്പോൾ ഏതൊക്കെ സൈറ്റുകളിൽ പോയി പരിസ്ഥിതി സംരക്ഷണം എന്ന വിഷയത്തെക്കുറിച്ചുള്ള വിവരങ്ങൾ ഉണ്ടോ അവയൊക്കെ എടുത്തുകൊണ്ടുവന്ന് ക്രോഡീകരിച്ച് ഒരു കൃത്യമായ ഉപന്യാസം ആക്കി നമുക്ക് തരും. അതായത് നമ്മൾ ഒന്നും ബുദ്ധിമുട്ടാതെ വിവരങ്ങളെല്ലാം നമ്മുടെ വിരൽത്തുമ്പിൽ എത്തും എന്നർത്ഥം. ഇപ്പോൾ സ്കൂളുകളിലും കോളേജുകളിലും അസൈൻമെന്റുകൾ, സെമിനാറുകൾ, റീഡിങ് റിപ്പോർട്ടുകൾ, എന്തിനേറെ പറയുന്നു തിസീസ് പേപ്പറുകൾ വരെ ചാറ്റ് ജി പി റ്റി ചെയ്തു തരുന്ന കാലത്ത് നമ്മൾ എത്തിക്കഴിഞ്ഞു. പലയിടത്തും അധ്യാപകർ പോലും ചാറ്റ് ജി പി റ്റി ഉപയോഗിച്ചാണ് നോട്ടുകൾ തയ്യാറാക്കുന്നത്. കുറച്ചു വർഷങ്ങൾ കൂടി കഴിഞ്ഞാൽ അധ്യാപകരുടെ ആവശ്യം തന്നെ ഉണ്ടാകുമോ എന്ന ഒരു ഭയം ഇപ്പോൾ നിലനിൽക്കുന്നു.

ഇനി ആത്മീയ ലോകത്തേക്ക് വരുമ്പോൾ ഇവിടെയാണ് ഏറ്റവും വലിയ അപകടം നമ്മൾ കാണുന്നത്. പലയിടത്തും പല പ്രസംഗങ്ങളും ചാറ്റ് ജി പി റ്റി ആണ് തയ്യാറാക്കി കൊടുക്കുന്നത്. ചിലർ അത് ഉപയോഗിച്ച് പാട്ടുകളും എഴുതുന്നുണ്ട് എന്ന് പറയപ്പെടുന്നു. പരിശുദ്ധാത്മാവ് സന്ദേശം നൽകേണ്ട സ്ഥാനത്ത് ചാറ്റ് ജി പി ടി പ്രവർത്തിക്കുന്നു. അത് തയ്യാറാക്കുന്ന പല പ്രസംഗങ്ങളും വളരെ മികച്ചത് തന്നെയാണ്. കൃത്യമായിട്ട് ആ വേദഭാഗത്തിന്റെ പശ്ചാത്തല പഠനവും അവിടെ നടക്കുന്നുണ്ട്. അതിൻറെ മൂലഭാഷയിലുള്ള വാക്കുകൾ എടുത്ത് കൃത്യമായിട്ട് വ്യാഖ്യാനിക്കാൻ നമ്മൾ ആവശ്യപ്പെടുമ്പോൾ ചാറ്റ് ജി പി റ്റി ക്ക് പലപ്പോഴും കഴിയുന്നുണ്ട്. ഒരുപാട് തിരക്കുള്ള, ബൈബിൾ വായിക്കാൻ നേരം പോലും കിട്ടാത്ത ആളുകൾക്ക് ചാറ്റ് ജി പി റ്റി ഇപ്പോൾ വലിയൊരു അനുഗ്രഹം പോലെയാണ്. ഇവിടത്തെ ഏറ്റവും വലിയ ചോദ്യം നല്ല ഒരു പ്രസംഗം തയ്യാറാക്കി തരാൻ ചാറ്റ് ജി പി ടി ക്ക് കഴിയും എന്നാൽ മനുഷ്യന്റെ ഹൃദയത്തെ രൂപാന്തരപ്പെടുത്താൻ അതിന് കഴിയുമോ എന്നതാണ്. മനുഷ്യൻ തയ്യാറാക്കിയാലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തയ്യാറാക്കിയാലും സന്ദേശം വിശുദ്ധ ബൈബിളിൽ നിന്ന് ആകുന്നതുകൊണ്ട് ആ വചനം ആളുകളെ രൂപാന്തരപ്പെടുത്തും എന്നാണ് ചിലർ അഭിപ്രായപ്പെടുന്നത്. പക്ഷേ ഒരു പ്രസംഗകൻ ദൈവം അദ്ദേഹത്തെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം യഥോചിതം നിർവഹിക്കാതെ, കാത്തിരുന്നു പ്രാർത്ഥിക്കാതെ, ദൈവസന്നിധിയിൽ സമയം ചെലവഴിക്കാതെ, ദൈവവുമായി വേണ്ടത്ര ബന്ധം പുലർത്താതെ, ഒരു ഉപകരണത്തിന്റെ സഹായത്തോടെ അല്ലെങ്കിൽ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തയ്യാറാക്കിയ പ്രസംഗം മനുഷ്യമനസ്സുകളെ രൂപാന്തരപ്പെടുത്തുമോ എന്നത് വളരെ ചിന്തനീയമായ ഒരു ചോദ്യം തന്നെയാണ്. ഈ ചോദ്യത്തിന് സാധിക്കില്ല എന്ന് തന്നെ നമുക്ക് മറുപടി പറയാം. എന്നാൽ ദൈവവുമായി നല്ല ബന്ധം പുലർത്തുകയും പ്രാർത്ഥിക്കുകയും ദൈവസന്നിധിയിൽ കാത്തിരിക്കുകയും ഒക്കെ ചെയ്യുന്ന ഒരാൾ ചാറ്റ് ജി പി ടി ഉപയോഗിച്ച് ഒരു സന്ദേശം തയ്യാറാക്കിയാൽ ആ സന്ദേശം ആളുകളെ രൂപാന്തരപ്പെടുത്തുകയില്ലേ എന്നൊരു ചോദ്യം ശേഷിക്കുന്നു.

കാലാകാലങ്ങളിൽ സംഭവിക്കുന്ന വികസനങ്ങളോടും പുരോഗതികളോടും ആത്മീയ മനുഷ്യൻ പിന്തിരിഞ്ഞു നിൽക്കുന്നത് ഒരിക്കലും ഗുണകരമായ കാര്യമല്ല. അതിൻറെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്. എന്നാൽ അത് ഒരിക്കലും ദൈവസന്നിധിയിൽ നിന്ന് പ്രാപിക്കുന്നതിന് പകരമാവില്ല. പ്രസംഗകർ വാസ്തവത്തിൽ ദൈവസന്നിധിയിൽ കാത്തിരുന്ന് സന്ദേശങ്ങൾ പ്രാപിക്കുകയും ആ സന്ദേശത്തെ കൂടുതൽ വിശാലമാക്കുന്നതിന് ആവശ്യമെങ്കിൽ സോഫ്റ്റ്‌വെയറുകളുടെ അല്ലെങ്കിൽ നിർമ്മിത ബുദ്ധിയുടെ സഹായം തേടുകയും ചെയ്യുകയാണ് എങ്കിൽ അത് കുറേക്കൂടി പ്രയോജനകരമാകും. മറ്റൊരു കാര്യം നമ്മൾ ഒരു സഭയിൽ പ്രസംഗിക്കാൻ തുടങ്ങുമ്പോൾ പ്രസംഗിക്കാൻ പോകുന്ന വാക്യം ആദ്യം പ്രസ്താവിക്കുമ്പോൾ തന്നെ ചാറ്റ് ജി പി ടീ യിൽ അത് ടൈപ്പ് ചെയ്തു കൊടുത്തു എന്താണ് നമ്മൾ പ്രസംഗിക്കാൻ പോകുന്ന ആശയം എന്ന് അവിടെ ഇരിക്കുന്ന ശ്രോതാക്കൾ പലരും മനസ്സിലാക്കിയെടുക്കാനുള്ള സാധ്യതയും ഇവിടെ ഉണ്ട്.

നിർഭാഗ്യവശാൽ ഇതൊന്നും തന്നെ അഡ്രസ്സ് ചെയ്യാനുള്ള താൽപ്പര്യം നമ്മുടെ സഭകൾക്കോ നേതാക്കന്മാർക്കോ ഇല്ല എന്നത് വളരെ ശോചനീയമായ കാര്യമാണ്. നമ്മൾ ഇപ്പോഴും പരസ്പരം കലഹിച്ചും വഴക്കുണ്ടാക്കിയും കേസ് കൊടുത്തും തമ്മിലടി ഉണ്ടാക്കിയും അന്യോന്യം പാര വെച്ചും സഭാ കമ്മിറ്റിയിൽ വഴക്കുണ്ടാക്കിയും സഭയെ പരസ്യമായ കോലാഹലം ആക്കി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. നമ്മുടെ തലമുറകൾ നേരിടാൻ പോകുന്ന പ്രധാന വിഷയങ്ങളെ അഡ്രസ്സ് ചെയ്യുന്നതിൽ നമ്മൾ പരാജയപ്പെടുന്നു. ആത്മീയ ലോകത്തെ ശുശ്രൂഷകളെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമിത ബുദ്ധി നിയന്ത്രിക്കുന്ന കാലം അതിവിദൂരമല്ല. അങ്ങനെയൊരു കാലത്ത് എങ്ങനെ ആത്മീയനായി ജീവിക്കാം എന്നതിനെ സംബന്ധിച്ച വിശാലമായ ചിന്തകളും ക്ലാസ്സുകളും നമ്മുടെ സഭകളിൽ നടക്കേണ്ടിയിരിക്കുന്നു.

സഭകളിലെ ശുശ്രൂഷകൾ നിയന്ത്രിക്കേണ്ടത് തീർച്ചയായും നിർമ്മിത ബുദ്ധിയല്ല; പരിശുദ്ധാത്മാവാണ്. എന്നാൽ ജീവിതവിശുദ്ധിക്ക് പ്രാധാന്യം കൊടുക്കാത്ത ആളുകൾ ആരാധനയുടെ പേരിൽ കാട്ടിക്കൂട്ടുന്ന വിക്രിയകളിൽ പരിശുദ്ധാത്മാവ് ഇടപെടുമോ എന്നത് സംശയമാണ്. അവർക്ക് ചാറ്റ് ജിപിടി അല്ലെങ്കിൽ നിർമ്മിത ബുദ്ധിയുടെ സഹായം വലിയൊരു ആശ്വാസമായിരിക്കും.

സഭകളെയും ശുശ്രൂഷകളെയും പരിശുദ്ധാത്മാവ് നയിക്കട്ടെ, നിയന്ത്രിക്കട്ടെ!



അനു കോശി പെരുനാട്

## റാങ്ക് നേടി



കേരള യൂണിവേഴ്സിറ്റി Integrated BBA LL.B ഡിഗ്രി പരീക്ഷയിൽ യൂണിവേഴ്സിറ്റി തലത്തിൽ 3-ാം റാങ്ക് കരസ്ഥമാക്കി ജീവ ആൻ ജോസ്. കാരമല സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഇടവകാംഗമാണ്.

## പ്രശസ്ത സുവിശേഷകൻ റവ. ഡോ.തോമസ് സാമുവേൽ നിത്യതയിൽ



ബാംഗ്ലൂർ : ഒ എം ഇന്ത്യയുടെ പ്രഥമ അംഗവും പ്രാരംഭ കാല ഓൾ ഇന്ത്യ കോ ഓർഡിനേറ്ററും ക്വയറ്റ് കോർണർ ഇന്ത്യയുടെ സ്ഥാപക പ്രസിഡന്റുമായ ഡോ.തോമസ് സാമുവേൽ (93 ) നിര്യതനായി.

ചെങ്ങന്നൂർ കോടുകുളഞ്ഞിയിൽ ചരിവ് പറമ്പിൽ വി.വി. സാമുവേലിന്റെയും ഏലിയാമ്മയുടെയും രണ്ടാമത്തെ മകനാണ്. ഭാരത സുവിശേഷീകരണത്തിനു ജീവിതം കൊണ്ട് ഏറെ സംഭാവന നല്കിയ വ്യക്തിത്വമായിരുന്നു ഡോ.തോമസ് സാമുവൽ. ഒ.എം, ക്വയറ്റ് കോർണർ തുടങ്ങി മറ്റു ചില സംഘടനകളിലൂടെയും നിരവധി പേർക്ക് ആശ്വാസവും അനേകരെ ക്രിസ്തുവിങ്കലേക്ക് ആനയിക്കുകയും ചെയ്ത മിഷനറിയായിരുന്നു.ഭാര്യ: ചന്നാലി കുടുംബാംഗം മേരി കുട്ടി. സംസ്കാരം പിന്നീട് .




മാങ്കൂട്ടം :ഏഴംകുളം. വാഴവിളയിൽ റഹാബോത്ത് വില്ലയിൽ ഏലിയാമ്മ ജോർജ്ജ് (92) നിര്യാതയായി. സംസ്കാരം വ്യാഴ്ച രാവിലെ 09 മണിക്ക്. ഭർത്താവ് പരേതനായ വി.ടി ജോർജ്ജ്. മക്കൾ ലീലാമ്മ വർഗ്ഗീസ്, പാസ്റ്റർ വില്യം ജോർജ്ജ് , ജോയ്സ് ജേക്കബ്, റോസമ്മ റെജി, തോമസ് ജോർജ്ജ്, ബെൻസൺ ജോർജ്ജ്, പരേതയായ അമ്മിണി ഐസക്. മരുമക്കൾ: എ.കെ ഐസക്, വർഗ്ഗീസ് ജോസഫ് , ലാലി വില്യം, കെ.റെജി മോൻ , ബെൻസി സൂസൻ തോമസ്, പ്രിൻസ് ബെൻസൺ.

Editorial board

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com



ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനം
പേജ് 04

# മണിപ്പൂരിലെ ജനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ആസാമിലെ ക്രൈസ്തവ വിശ്വാസികൾ




ദിസ്പൂർ: മണിപ്പൂരിലെ സംഘർഷങ്ങളുടെ ഇരകളായി മാറിയ ജനതക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ആസാമിലെ ക്രൈസ്തവ വിശ്വാസികൾ. ജൂൺ 24നു പുറത്തിറക്കിയ പ്രസ്താവനയിലൂടെയാണ് ദ ആസാം ക്രിസ്ത്യൻ ഫോറം തങ്ങളുടെ നയം വ്യക്തമാക്കിയത്. കൊലപാതകങ്ങളും, അക്രമ സംഭവങ്ങളും അവസാനിക്കാനായി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണെന്ന് പ്രസ്താവനയിൽ പറയുന്നു. വിവിധ വിഭാഗങ്ങൾ തങ്ങളുടെ കുടുംബങ്ങളിലേക്ക് മടങ്ങി പോകാനും, കുട്ടികൾക്ക് പഠനം പുനഃരാരംഭിക്കാനും, ആളുകൾക്ക് ജോലിക്ക് പോകാനും സാധാരണ നിലയിലേക്ക് സംസ്ഥാനം തിരികെ വരുന്നതിനു വേണ്ടി ആഗ്രഹിക്കുകയാണെന്ന് ക്രൈസ്തവ പ്രതിനിധികൾ പ്രസ്താവിച്ചു. ആഭ്യന്തരമന്ത്രി സംസ്ഥാനത്ത് സന്ദർശനം നടത്തിയതിനുശേഷം അക്രമ സംഭവങ്ങൾ അവസാനിക്കുമെന്നാണ് മണിപ്പൂരിലെ ജനങ്ങൾ കരുതിയതെന്നും എന്നാൽ യാതൊരു മാറ്റവും വന്നിട്ടില്ലായെന്നും പ്രസ്താവനയിൽ പറയുന്നുണ്ട്. അവരുടെ വേദനകൾക്ക് നീതി ലഭിക്കണമെന്നും പ്രസ്താവനയിൽ പറയുന്നു. അക്രമ സംഭവങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ദ ആസാം ക്രിസ്ത്യൻ ഫോറം ആവശ്യപ്പെട്ടു. സർക്കാർ രാഷ്ട്രീയ നേട്ടങ്ങൾക്കു ഉപരിയായി മനുഷ്യജീവന് വിലകൽപ്പിക്കണം. മണിപ്പൂരിൽ സമാധാനവും, സഹവർത്തിത്വവും പുലരുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുക എന്നത് സർക്കാരിനെ സംബന്ധിച്ചത് പ്രധാനപ്പെട്ടതാണ്. ഇപ്പോഴത്തെ കലാപത്തിന്റെ കാരണം കണ്ടെത്തി നിത്യമായ ഒരു പ്രശ്ന പരിഹാരം സാധ്യമാകുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കാൻ സംസ്ഥാന, ദേശീയ സർക്കാരുകളോട് ക്രൈസ്തവ പ്രതിനിധികൾ ആവശ്യപ്പെട്ടു.

# ഭ്രൂണഹത്യ ക്ലിനിക്കുകളുടെ സമീപം പ്രാർത്ഥിക്കുന്നതിനുള്ള വിലക്ക് നീക്കി ജർമ്മൻ കോടതി

ബെർലിൻ : ഭ്രൂണഹത്യ ക്ലിനിക്കുകളുടെ സമീപം പ്രാർത്ഥിക്കുന്നതിന് ഏർപ്പെടുത്തിയ വിലക്ക് ജർമ്മൻ കോടതി നീക്കം ചെയ്തു. വിലക്ക് ഭരണഘടന വിരുദ്ധമാണെന്നു ലേയ്പ്സിഗിലെ ഫെഡറൽ അഡ്മിനിസ്ട്രേറ്റീവ് കോടതി ഈ ആഴ്ച പുറപ്പെടുവിച്ച വിധി ന്യായത്തിൽ പറഞ്ഞു. ഓരോ മനുഷ്യജീവനും വിലയേറിയതാണ്. സംരക്ഷണം ലഭിക്കുകയെന്നത് മനുഷ്യ ജീവന്റെ അവകാശമാണ്. ക്ലിനിക്കുകളുടെ സമീപം ഒത്തുചേരാനുള്ള പ്രോലൈഫ് സംഘടനകളുടെ ആവശ്യത്തിന് കഴിഞ്ഞ ഓഗസ്റ്റ് മാസം ഒരു പ്രാദേശിക കോടതി അനുമതി നൽകിയിരുന്നു. പിന്നാലെ ഫോർസിയത്തിലെ ഭരണകൂടം ഇതിനെ ചോദ്യംചെയ്ത് കേസ് നടത്തുകയായിരിന്നു. വിധിന്യായം ഫോർസിയം നഗരത്തിൽ പ്രോലൈഫ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഫോർട്ടി ഡേയ്സ് ഫോർ ലൈഫ് എന്ന സംഘടനയുടെ വിജയമായാണ് കണക്കാക്കപ്പെടുന്നത്. ക്രൈസ്തവർക്ക് നിയമ പോരാട്ടം നടത്താൻ സഹായം നൽകുന്ന അലയൻസ് ഡിഫൻഡിങ് ഫ്രീഡം, സംഘടനക്ക് കേസ് നടത്താൻ പിന്തുണ നൽകിയിരുന്നു. സമാധാനപരമായി നടത്തപ്പെടുന്ന പ്രാർത്ഥനകൾ വിലക്കാൻ സാധിക്കില്ലായെന്നു ലേയ്പ്സിഗിലെ കോടതി ഒരിക്കൽ കൂടി വ്യക്തമാക്കിയിരിക്കുകയാണെന്നു അലയൻസ് ഡിഫൻഡിംഗ് ഫ്രീഡത്തിന്റെ യൂറോപ്യൻ അഡ്വക്കസിയുടെ അധ്യക്ഷ പദവി വഹിക്കുന്ന ഫെലക്സ് ബോൾമാൻ പറഞ്ഞു. ഭ്രൂണഹത്യ ക്ലിനിക്കുകളുടെ സമീപം മൗലികാവകാശങ്ങൾ വലിയതോതിൽ നിയന്ത്രിക്കാൻ വേണ്ടി രൂപം നൽകുന്ന പദ്ധതി, കോടതി ഉത്തരവിലൂടെ ഉപേക്ഷിക്കാൻ സർക്കാർ നിർബന്ധിതരായി തീരുമെന്ന പ്രതീക്ഷ അദ്ദേഹം പ്രകടിപ്പിച്ചു.

## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

**വധുവിനെ ആവശ്യമുണ്ട്**

**Remarriage,Born Again Syrian Christian**
**Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617**

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

# മണിപ്പൂർ കലാപം: ചർച്ചാ സമ്മേളനം നടന്നു



പാലാരിവട്ടം: മണിപ്പൂർ കലാപത്തിന്റെ സത്യമെന്ത്? എന്ന കാലിക വിഷയത്തെ അധികരിച്ച് പാലാരിവട്ടം, കെസിബിസി, പിഒസിയിൽ ചർച്ചാസമ്മേളനം നടന്നു.കെസിബിസി മീഡിയ കമ്മീഷന്റെ നേതൃത്വത്തിലാണ് പ്രോഗ്രാം നടന്നത്.

മണിപ്പൂരിലെ കലാപബാധിത മേഖലകൾ സന്ദർശിച്ച അന്തർദേശീയ മാധ്യമപ്രവർത്തകനും മനുഷ്യാവകാശ പ്രവർത്തകനുമായ അഡ്വ.ആന്റോ അക്കര വിഷയാവതരണം നടത്തി. കെസിബിസി മീഡിയാ കമ്മീഷൻ സെക്രട്ടറി റവ. ഫാദർ ഡോ. ഏബ്രഹാം ഇരുമ്പാനിക്കൽ അധ്യക്ഷത വഹിച്ചു.
പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ( POC) ഡെപ്യൂട്ടി ഡയറക്ടർ ഫാദർ ജേക്കബ് പാലയ്ക്കാപിള്ളി സമാപന സന്ദേശം നൽകി.

കലാപ ബാധിത മേഖലകൾ സന്ദർശിച്ച ശ്രീ ഹൈബി ഈഡൻ എംപി, ശ്രീ ടി.ജെ. വിനോദ് എംഎൽഎ, പാസ്റ്റർ ജെയ്സ് പാണ്ടനാട് എന്നിവർ ഉൾപ്പെടെ നിരവധി വിശ്വാസികൾ, മാധ്യമ പ്രവർത്തകർ, വൈദീകർ, സാംസ്കാരിക പ്രവർത്തകർ പങ്കെടുത്തു.

# മണിപ്പൂർ കലാപം: ജനജാഗ്രതാ സദസ്സും റാലിയും




കണ്ണൂർ: യുണൈറ്റഡ് ക്രിസ്റ്റ്യൻ ഫോറം സംഘടിപ്പിച്ച ക്രൈസ്തവ ജനജാഗ്രതാ സദസ്സും മണിപ്പൂർ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് നടത്തിയ പ്രതിഷേധ പ്രകടനവും നടന്നു. പയ്യാവൂർ സെന്റ് ആനീസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ യുസിഎഫ് ജില്ലാ പ്രസിഡന്റ് സജി തെക്കേമുറി അധ്യക്ഷത വഹിച്ചു. വിദ്യാർഥി യുവജന നേതാവ് അലോഹാ ബെന്നി ഉത്ഘാടനം നിർവ്വഹിച്ചു. പ്രഭാഷകനും ആക്ടിവിസ്റ്റുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് ‘ഇന്ത്യയുടെ സാമൂഹിക പരിവർത്തനത്തിലും രാഷ്ട്രനിർമ്മാണത്തി ലും കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിലും മിഷണറി പ്രസ്ഥാനം നൽകിയ സംഭാവനകൾ ‘ എന്ന വിഷയത്തെ അധികരിച്ച് വിഷയാവതരണം നടത്തി സംസാരിച്ചു.
അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ, റവ. ഫാദർ നോബിൾ ഓണംകുളം, റവ. ഫാദർ സുനിൽ പാറയ്ക്കൽ, റവ. ഫാദർ ജിബിൽ കുഴിവേലിൽ, സജി കാക്കനാട്ട്, ജസ്റ്റിൻ ഇളയാനിക്കാട്ട്, ബെന്നി ഉഴയത്തുവാൽ, പാസ്റ്റർമ്മാരായ ജെയ്മോൻ, മാത്യൂ, ജോൺ പോൾ, സിബിച്ചൻ ചങ്ങനാശേരി, ബെന്നി പണ്ടാരശേരിയിൽ എന്നിവർ പ്രസംഗിച്ചു.
മണിപ്പൂർ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് പയ്യാവൂർ ടൗണിൽ പ്രകടനം നടത്തി.

# ഐപിസി കുവൈറ്റ് വിബിഎസ് ജൂൺ 28 മുതൽ 30

കുവൈറ്റ്: ഐപിസി കുവൈറ്റ് വിബിഎസ് ജൂൺ 28 മുതൽ 30 വരെ ദിവസവും വൈകിട്ട് 5 മുതൽ 8 വരെ അബ്ബാസിയ യുണൈറ്റഡ് ഇന്ത്യൻ സ്ക്കൂളിൽ നടക്കും. കുഞ്ഞുങ്ങൾക്ക് ആകർഷണീയമായ നിരവധി സെക്ഷനുകൾ വിബിഎസിൽ ഉണ്ടായിരിക്കും. എക്സൽ ഇന്റർനാഷണലിന്റെ സഹകരണത്തോടെയാണ് വി.ബി.എസ് സംഘടിപ്പിക്കുന്നത്. For IPC KUWAIT VBS Regitsration: https://forms.gle/6Y1Nt9646cvwBME39

# റഷ്യയിൽ തടസ്സങ്ങൾ നീങ്ങി; സുവിശേഷ പ്രതികൾ വിതരണം ചെയ്യാം

**കപ്പൽമാർഗ്ഗം എത്തിക്കാനായിരുന്നു തീരുമാനം. അത് നടക്കാതെ വന്നപ്പോൾ പ്രാർത്ഥനയിൽ ആശ്രയിച്ചു**

മോസ്ക്കോ : റഷ്യയിൽ സുവിശേഷ പ്രവർത്തനങ്ങൾക്കായി തയാറാക്കിയിരുന്ന സുവിശേഷ പ്രതികൾ വിതരണം ചെയ്യുന്നതിൽ ഉണ്ടായിരുന്ന തടസ്സങ്ങൾ നീങ്ങി. ലഘുലേഖകൾ പാസ്റ്റർമാരുടെ കൈകളിലൂടെ റഷ്യയിലെ ജനവിഭാഗങ്ങളിലെത്തിത്തുടങ്ങി.

വേൾഡ് മിഷണറി പ്രസ്സ് 2021ലാണ് മധ്യ റഷ്യയിലുടനീളം സുവിശേഷ പ്രചരണത്തിനായി ദശലക്ഷക്കണക്കിനു സുവിശേഷ ലഘുലേഖകൾ തയ്യാറാക്കിത്തുടങ്ങിയത്. എല്ലാം അച്ചടിച്ച് 2022ന്റെ ആരംഭത്തിൽ റഷ്യയിലേക്ക് അയയ്ക്കാനായിരുന്നു പദ്ധതി. എന്നാൽ റഷ്യയുക്രൈൻ യുദ്ധം തുടങ്ങിയതോടെ സാഹചര്യങ്ങൾ മാറി മറിഞ്ഞതായി ഡബ്ളിയു എംപിയുടെ ഹെലൻ വില്യംസ് പറഞ്ഞു.

കപ്പൽമാർഗ്ഗം എത്തിക്കാനായിരുന്നു തീരുമാനം.അത് നടക്കാതെ വന്നപ്പോൾ പ്രാർത്ഥനയിൽ ആശ്രയിച്ചു. എന്നാൽ ദൈവത്തിന്റെ സമയം വന്നപ്പോൾ കഴിഞ്ഞ ഒക്ടോബർ മാസത്തിൽ മധ്യ അമേരിക്കയിൽ നിന്നുള്ള ഒരു കപ്പൽ സുവിശേഷ ലഘുലേഖകൾ കൊണ്ടുപോകാനായി ഒത്തുകിട്ടി. അങ്ങനെ കസ്റ്റംസിനെയും കടന്നു മെയ് മാസത്തിൽ തുറമുഖത്തുനിന്ന് മോസ്ക്കോ വരെ ഒരു ട്രക്ക് കണ്ടെയ്നർ എത്തി.

കണ്ടെയ്നറിൽ ഒരു ദശലക്ഷം സുവിശേഷ പ്രതികൾ ഉണ്ടായിരുന്നു. മെയ് 30ന് ലക്ഷ്യസ്ഥാനത്ത് എത്തി. ദിവസങ്ങൾക്കകം 4 ലക്ഷം സുവിശേഷ പ്രതികൾ വിവിധ സഭകളുടെ സഹകരണത്തോടെ ജനങ്ങളുടെ കൈകളിലെത്തി. ആളുകൾ വലിയതോതിൽ ലഘുലേഖകൾ സ്വീകരിച്ചു തുടങ്ങി.മോസ്ക്കോയിലേക്ക് അടുത്ത കണ്ടെയ്നർ എത്തിക്കാനുള്ള ശ്രമത്തിലാണ് സംഘടന.

# ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനം



ഷിംല:ഹിമാചൽ പ്രദേശിൽ മിന്നൽ പ്രളയം,കനത്ത മഴയേയും വെള്ളപ്പൊക്കത്തേയും തുടർന്ന് മാണ്ഡികുള്ളു ദേശീയപാത ഉൾപ്പെടെയുള്ള റോഡുകളിലൂടെയുള്ള ഗതാഗതം തടസപ്പെട്ടു . അപ്രതീക്ഷിതമായുണ്ടായ പ്രളയത്തിൽ 200 ലധികം പ്രദേശവാസികളും വിനോദ സഞ്ചാരികളും കുടുങ്ങികിടക്കുകയാണ്. ഇവരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റാനുള്ള ശ്രമം നടന്നുവരികയാണെന്നും പോലീസ് അറിയിച്ചു. മാണ്ഡി ജില്ലയിൽ വെള്ളപ്പൊക്കമുണ്ടായതിനെ തുടർന്ന് പ്രധാന ഹൈവേകളും അടച്ചു.

മേഘ വിസ്ഫോടനത്തിനു ശേഷം പെയ്ത മഴയുടെ ഫലമായി പലയിടങ്ങളിലും മണ്ണിടിച്ചിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ആളുകളോട് മടങ്ങിപ്പോകാനും അടുത്തുള്ള പട്ടണങ്ങളിൽ താമസിക്കാനും അധികൃതർ നിർദേശം നൽകി. തുടർച്ചയായി പെയ്ത മഴയിൽ ബിയാസ് നദിയിലും ജലനിരപ്പ് ഉയർന്നിട്ടുണ്ട്. മേഘ വിസ്ഫോടനത്തിനു ശേഷം ഷിംല ഉൾപ്പെടെയുള്ള പ്രദേശങ്ങളിലും കനത്ത മഴ പെയ്തു. അടുത്ത 24 മണിക്കൂറിനുള്ളിൽ ഹിമാചൽ പ്രദേശിൽ വെള്ളപ്പൊക്ക സാധ്യതയും അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴ മുന്നറിയിപ്പും കാലാവസ്ഥ വകുപ്പ് പുറപ്പെടുവിച്ചു. ഉത്തരാഖണ്ഡിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കേദാർനാഥ് തീർഥാടന യാത്ര നിർത്തിവച്ചു.


മണ്ഡി ജില്ലയിലെ ബാഗിപുർ പ്രദേശത്ത് പ്രഷാർ തടാകത്തിന് സമീപം വിനോദ സഞ്ചാരികളും നാട്ടുകാരും ഉൾപ്പെട്ട 200 ലധികമാളുകൾ കുടുങ്ങിക്കിടക്കുകയാണെന്നായിരുന്നു മാണ്ഡി ജില്ലാ പോലീസ് ഡിഎസ്പി സജ്ഞീവ് സൂദിനെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ എഎൻഐ റിപ്പോർട്ട് ചെയ്തത്. മാണ്ഡി ജോഗീന്ദർ നഗർ ഹൈവേയും അടച്ചിരിന്നു. ഈ ഹൈവേകളിലൂടെ സഞ്ചരിക്കുന്ന പൊതുജനങ്ങളും വിനോദ സഞ്ചാരികളും മലനിരകളോട് ചേർന്നുള്ള റോഡുകളിൽ നിൽക്കരുതെന്ന് നിർദേശം നൽകിയിട്ടുണ്ട്. ഉരുൾപ്പൊട്ടലും മണ്ണിടിച്ചിൽ സാധ്യതയും മുൻ നിർത്തിയാണ് നിർദേശം.

# നാളെ അതിശക്തമായ മഴ; എട്ടു ജില്ലകളിൽ മുന്നറിയിപ്പ്

തിരുവനന്തപുരം : ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദത്തിന്റെ സ്വാധീനഫലമായി കേരളത്തിൽ അടുത്ത അഞ്ചു ദിവസം വ്യാപകമായ മഴയ്ക്ക് സാധ്യത. ഇന്ന് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും ചൊവ്വാഴ്ച ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അതിശക്തമായ മഴയ്ക്കും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് നാളെ ഇടുക്കിയിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ഇന്ന് ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലും നാളെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ജാഗ്രതയുടെ ഭാഗമായി ഈ ജില്ലകളിൽ കാലാവസ്ഥ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ, വടക്കൻ ഒഡിഷ പശ്ചിമ ബംഗാൾ തീരത്തിനു സമീപം രൂപപ്പെട്ട ന്യൂനമർദ്ദം നിലവിൽ വടക്കൻ ഒഡിഷയ്ക്ക് മുകളിലാണ് സ്ഥിതി ചെയ്യുന്നത്. അടുത്ത രണ്ടു ദിവസം ഝാർഖണ്ഡ്, ഛത്തീസ്ഗഡ് വഴി വടക്കൻ മധ്യപ്രദേശിലേക്ക് നീങ്ങാൻ സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

# മനുഷ്യരാശിയുടെ വംശനാശം : ആദ്യ നരഹത്യ നടത്തി നിർമിതബുദ്ധി



മോസ്ക്കോ : നിർമ്മിത ബുദ്ധി മനുഷ്യരാശിയുടെ വംശനാശത്തിനിടയാക്കുമെന്ന് ഇതിന്റെ നിർമ്മാതാക്കളും വിദഗ്ദ്ധരുമടക്കം മുന്നറിയിപ്പു നൽകി ദിവസങ്ങൾ പിന്നിട്ടപ്പോൾ തന്നെ എഐ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആദ്യ നരഹത്യ നടത്തി റഷ്യ. ഓട്ടോമാറ്റിക് മോഡിൽ പ്രവർത്തിക്കുന്ന എയർ ഡിഫൻസ് സിസ്റ്റം ഒരു അസാധാരണ ദൗത്യം പൂർത്തിയാക്കിയതായി റഷ്യൻ ഉപപ്രധാനമന്ത്രി സ്ഥിരീകരിച്ചു. ഇത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നടത്തുന്ന ആദ്യത്തെ കൊലപാതകമാണ്. നിർമ്മിത ബുദ്ധി പ്രോത്സാഹിപ്പിക്കരുതെന്ന് ഇതിന്റെ നിർമ്മാതാവും ടെസ്ള മേധാവിയുമായ ഇലോൺ മസ്കും മറ്റു നിരവധി വിദഗ്ദ്ധരും അഭിപ്രായപ്പെട്ടത് വാർത്തയായതിനു പിന്നാലെ നിർമ്മിത ബുദ്ധി രണ്ടു വർഷത്തിനിടെ ആളുകളെ കൊല്ലാനുള്ള ശക്തി കൈവരിക്കുമെന്നു ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനകിയുടെ ഉപദേശകൻ മിന്നറിയിപ്പു നൽകിയതിന്റെ ദിവസങ്ങൾ മാത്രം പിന്നിട്ടപ്പോഴാണ് എഐയുടെ ആദ്യ നരഹത്യ നടന്നത്. സംഭവത്തിൽ ഞെട്ടലിലാണ് ലോകം ഇപ്പോൾ !. 15 മാസമായി യുക്രൈനിനെതിരായി യുദ്ധത്തിൽ റഷ്യ തങ്ങളുടെ എസ് 350 വിന്യാസ് എന്ന വ്യോമ പ്രതിരോധ സംവിധാനം ഒരു യുക്രേനിയൻ വിമാനത്തെ വെടിവെച്ചു വീഴ്ത്തിയതായാണ് റഷ്യ അവകാശപ്പെടുന്നത്.

യുദ്ധ സാഹചര്യങ്ങളിൽ എഐ ഉപയോഗിച്ച് ഒരു സിസ്റ്റം പൂർണ്ണമായി യാന്ത്രികമായി പ്രവർത്തിപ്പിക്കുന്ന ആദ്യത്തെ സംഭവമായിട്ടാണ് എസ്350 വിന്യാസ് വ്യോമ പ്രതിരോധ സംവിധാനത്തെ അടയാളപ്പെടുത്തുന്നത്. ആഗോള തലത്തിൽ തന്നെ ഹൈപ്പർ സോണിക് മിസൈലുകളെ തടയാനും നശിപ്പിക്കാനും ശേഷിയുള്ള ഏക സംവിധാനമാണ് തങ്ങളുടെ എയർ ഡിഫൻസ് സിസ്റ്റമെന്ന് റഷ്യ അവകാശപ്പെടുന്നു. എൻവിഒ സോണിൽ പ്രവർത്തിക്കുന്ന വിന്യാസ് വിമാനവേധ മിസൈൽ സംവിധാനം ഓപ്പറേറ്റർമാരുടെ ഇടപെടലില്ലാതെ യുക്രേനിയൻ വ്യോമ ടാർജറ്റുകൾ സ്വയം കണ്ടെത്തുകയും ട്രാക്കു ചെയ്യുകയും നശിപ്പിക്കുകയും ചെയ്തുകൊണ്ട് സമാനതകളില്ലാത്ത കഴിവുകൾ പ്രകടിപ്പിച്ചതായി മന്ത്രി അറിയിച്ചു.

യുക്രൈനിലെ നിരവധി യുദ്ധ വിമാനങ്ങളും ഡ്രോണുകളും ഈ സംവിധാനത്തിന്റെ മിസൈലുകളാൽ വെടിവെച്ചിട്ടതായും ഉപപ്രധാനമന്ത്രി വെളിപ്പെടുത്തി.

CNL7 MEDIA
Vol. 2 Issue 144
# CHRISTIANLIVE DAILY
26 Monday
Pages 5
513

